ഉത്തരം

(എ, ബി, സി) തെരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. തെരഞ്ഞെടുപ്പു പ്രക്രിയയിലെ കാലതാമസം ഒഴിവാക്കുന്നതിനായി എറണാകുളത്തും കോഴിക്കോട്ടും പി. എസ്. സി. യുടെ മേഖലാ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. താരതമ്യേന ജോലിഭാരം കൂടുതൽ അനുഭവപ്പെട്ടിരുന്ന കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലാ ആഫീസുകളിൽ ഒരു സെക്ഷൻ വീതം അധികമായി ഡിപ്പോയ്മെന്റ് വഴി അനുവദിച്ചിട്ടുണ്ട്. കമ്മീഷന്റെ പരീക്ഷാ വിഭാഗത്തിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു.

(ഡി, ഇ, എഫ്) വിവരം ശേഖരിച്ചുവരുന്നു

തിരുവനന്തപുരം ജില്ലയിലെ എൽ. ഡി. ക്ലാർക്ക് നിയമനം

24 [1125] ശ്രീ. എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലേക്ക് തിരുവനന്തപുരം ജില്ലയിൽ എത്ര എൽ. ഡി. ക്ലാർക്കുമാരുടെ വേക്കൻസികൾ നാളിതുവരെ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികൾക്ക് പി. എസ്. സി. അഡ്വൈസ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകളിലേക്ക് ലിസ്റ്റിൽനിന്നും നിയമനം നൽകാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 272 ഒഴിവുകൾ.

(ബി) 28-9-1995-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 253 ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകി കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളിലേക്ക് നിയമന ശുപാർശ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

(സി) ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതനുസരിച്ചാണ് പി. എസ്. സി. ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്യുന്നത്. ഒഴിവുകൾ അപ്പപ്പോൾ പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് നിർദ്ദേശം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly